# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം
കരമന, തിരുവനന്തപുരം

ജൂലൈ 03, 2020

---

## <u>പത്രക്കുറിപ്പ്</u>

## <u>ജി.എസ്.ടി. വെട്ടിച്ച് കടത്തിക്കൊണ്ട് വന്ന 1.6 കോടി രൂപയുടെ സ്വർണ്ണം പിടികൂടി.</u>

തിരുവനന്തപുരം: ജി.എസ്.ടി. വെട്ടിച്ച് കടത്തിക്കൊണ്ട് വന്ന 1.6 കോടി രൂപയുടെ 3.3 കിലോഗ്രാം സ്വർണ്ണം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കരുനാഗപ്പള്ളി സ്‌ക്വാഡ്-3 പിടികൂടി. മൂന്ന് വ്യത്യസ്ത സംഭവങ്ങളിലായി കൊല്ലം, ചക്കുവള്ളി, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ നിന്നാണ് ഇത്രയും സ്വർണ്ണം പിടികൂടിയത്. നികുതി, പിഴ ഇനങ്ങളിൽ 9.6 ലക്ഷം രൂപ ഈടാക്കി. പരിശോധനയിൽ സ്റ്റേറ്റ് ടാക്സ് ഓഫീസർ എസ്.രാജീവ്, അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർമാരായ എ.ആർ.ഷമീം രാജ്, എസ്.രാജേഷ്കുമാർ, ടി.രതീഷ്, ബി.രാജേഷ്, ബി.രാജീവ്, വി.ജെ.ജിനി, ഇ.ആർ.സോനാജി, പി.ശ്രീകുമാർ എന്നിവർ പങ്കെടുത്തു.

**<u>ചിത്രത്തിന്റെ അടിക്കുറിപ്പ്</u>**

ജി.എസ്.ടി വെട്ടിച്ച് കടത്താൻ ശ്രമിച്ച സ്വർണ്ണാഭരണങ്ങൾ